



# ഭരണപരമായ കൽപ്പനകളും അവയ്ക്കെതിരായ അപേക്ഷകളും പൗരസ്ത്യ കാനൻ നിയമത്തിൽ: ഒരു അപഗ്രഥനം


**ഡോ. ജെയിംസ് മാത്യു പാമ്പാറ** സി.എം.ഐ.

**ആമുഖം**

പൗരസ്ത്യ കാനോന സംഹിത (CCEO) യിലെ ഇരുപത്തിരണ്ടാം ശീർഷകം "ഭരണപരമായ കൽപ്പന കൾക്കെതിരെയുള്ള അപേക്ഷ" (Recourses against Administrative Decrees) എന്നാണ്. ഈ ശീർഷകത്തിലെ പ്രതിപാദ്യവിഷയം മനസ്സിലാകണമെങ്കിൽ CCEO-യിലെ ഇരുത്തിയൊൻപതാം ശീർഷകം മനസ്സിലാക്കേണ്ടിയിരിക്കുന്നു. "നിയമം, ആചാരം, ഭരണപരമായ നടപടികൾ" എന്ന ആ ശീർഷകം വായിക്കുന്ന, കാനൻനിയമം പഠിച്ചിട്ടില്ലാത്ത ഒരു വ്യക്തിയുടെ മനസ്സിലേക്ക് ആദ്യമേ കടന്നുവരുന്ന ഒരു ചിന്ത, എന്തുകൊണ്ടാണ് ഈ മൂന്നു വിഷയങ്ങൾ ഒന്നിച്ച് ഒരു തലക്കെട്ടിൽ പൗരസ്ത്യ കാനോന സംഹിത പ്രതിപാദിച്ചിരിക്കുന്നത് എന്നാണ്. വ്യക്തമായ ഒരു ഉദ്ദ്യേശലക്ഷ്യം അതിനുണ്ട് എന്നതാണ് വാസ്തവം. നിയമം (law), ആചാരം (custom), ഭരണപരമായ നടപടികൾ (Administrative Acts) എന്നിവ പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നതായി പ്രത്യക്ഷത്തിൽ കാണപ്പെടുന്നതല്ലെങ്കിലും അവയെല്ലാം അനുസരിക്കപ്പെടുവാനുള്ളതാണ്. പൗരസ്ത്യകാനോന സംഹിതയിലെ മറ്റൊരു ശീർഷകമാണ് "ഭരണാധികാരം" (The Power of Governance) എന്നത് (cf. CCEO cc.979-995). "ഭരണാധികാരത്തെ നിയമനിർമ്മാണപര (legislative) മെന്നും ഭരണനിർവഹണപര (executive) മെന്നും നീതിന്യായപരം (judicial) എന്നും വേർതിരിച്ചിരിക്കുന്നു (CCEO c.985 §1). ഇതിൽ നിയമനിർമ്മാണപരമായ ഭരണാധികാരത്തിൽ നിന്നും പുറപ്പെട്ടിട്ടുള്ളതാണ് നിയമങ്ങൾ (laws). അതുപോലെ ഭരണനിർവഹണപരമായ ഭരണാധികാരത്തിൽ നിന്നും വന്നിട്ടുള്ളവയാണ് ഭരണപരമായ നടപടികൾ (administrative acts). സാധുവായിട്ടുള്ളതും നൈയാമികമായി നിലനിൽക്കാവുന്നതുമായ ആചാരങ്ങൾ ഒരു സമൂഹത്തിൽ ഉണ്ടാകാവുന്നതാണ്. അതിനാൽത്തന്നെ, എല്ലാ വ്യക്തികളും തങ്ങൾ ആയിരിക്കുന്ന മതത്തിന്റെ, അഥവാ രാജ്യത്തിന്റെ, അഥവാ സംഘടനയുടെ നിയമങ്ങൾ മാത്രമേ അനുസരിക്കുകയുള്ളൂ എന്ന് പറഞ്ഞാൽ അത് നിയമപരമായി അംഗീകരിക്കാനാവില്ല. കാരണം ഒരു വ്യക്തി അനുസരിക്കേണ്ട നിയമങ്ങൾ മുഴുവനും നിയമഗ്രന്ഥങ്ങളിൽ മാത്രമല്ല കാണപ്പെടുന്നത്; പ്രത്യുത, പൗരസ്ത്യകാനോന സംഹിതയുടെ 29-ാം ശീർഷകത്തിൽ പ്രതിപാദിച്ചിരിക്കുന്ന "നിയമം, ആചാരം, ഭരണപരമായ നടപടികൾ" എന്നീ ത്രിവിധ ഉറവിടങ്ങളിൽ കാണുന്ന എല്ലാ കാര്യങ്ങളും കണക്കിലെടുക്കുമ്പോഴാണ്.

നിയമം (law) എന്ന സംജ്ഞയെ സൂചിപ്പിക്കുവാൻ ലത്തീൻ ഭാഷയിൽ രണ്ട് വാക്കുകളുണ്ട്: ഒന്ന് lex, രണ്ടാമത്തേത് ius. Lex, നിയമനിർമ്മാണാധികാരത്തിൽ നിന്നും ഉരുത്തിരിയുന്നതാണ്. എന്നാൽ, ius എന്നു പറയുന്നത് lex-നോടൊപ്പം, ആചാരങ്ങളും ഭരണപരമായ നടപടികളും കൂടി ചേരുന്നതാണ്. ലത്തീൻ സഭയുടെ കാനൻ നിയമത്തിന്റെ തലക്കെട്ട് Codex Iuris Canonici എന്നാണ്. അതിലെ iuris എന്ന വാക്ക് ius-ൽ നിന്നും ഉരുത്തിരിഞ്ഞതാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, സഭയുടെ കാനൻ നിയമം മാർപാപ്പയുടെ നിയമനിർമ്മാണാധികാരത്തിൽനിന്ന് രൂപം കൊണ്ടതാണെങ്കിലും, ആ നിയമസംഹിതയിൽ തന്നെ, ആചാരങ്ങൾക്കും ഭരണപരമായ നടപടികൾക്കും നൈയാമികമായ ഒരു സ്ഥാനം നൽകിയിട്ടുണ്ടെന്ന് കാണാം.

'ഭരണപരമായ നടപടികൾ' എന്ന തലക്കെട്ടിനു കീഴിൽ വരുന്ന കാര്യങ്ങൾ ഏതൊക്കെയാണെന്ന് പൗരസ്ത്യകാനോന സംഹിതയിലെ 1510-ാം കാനോനയുടെ രണ്ടാം ഖണ്ഡിക ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു: "§2. ഭരണപരമായ നടപടികളിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്. 1º. പ്രത്യേക കേസുകളിൽ തീരുമാനം നൽകുകയോ കാനോനികമായി ഔദ്യോഗിക സ്ഥാനം ഏൽപ്പിക്കുകയോ ചെയ്യുന്ന കൽപ്പനകൾ (decrees); 2º. ഒരു വ്യക്തിയോടോ, നിശ്ചിത വ്യക്തികളോടോ ഒരു കാര്യം - പ്രത്യേകിച്ച് നിയമം പാലിക്കുന്നതിനെ - സംബന്ധിച്ച് എന്തെങ്കിലും നിയമാനുസൃതം ചെയ്യണമെന്നോ ചെയ്യരുതെന്നോ ആവശ്യപ്പെടുന്ന വ്യക്തിഗത പ്രമാണങ്ങൾ (precepts); 3º. ഒരു ആനുകൂല്യമോ (privilege) ഒഴിവാക്കലോ, അനുവാദമോ മറ്റെന്തെങ്കിലും പ്രത്യേകാനുകൂല്യമോ (favour) നൽകുന്ന സിംഹാസന കൽപ്പനകൾ (rescripts)."




ഭരണപരമായ നടപടികളിൽ ഒന്നാമത്തേതായ ഡിക്രികൾ അഥവാ കൽപ്പനകൾ അനുസരിക്കപ്പെടേണ്ടതാണെങ്കിലും അതനുസരിക്കുവാൻ കടപ്പെട്ടവർക്ക്, ആ കൽപ്പനകൾക്കെതിരെ മേലധികാരികളെ സമീപിക്കുവാൻ സാധിക്കും. ഇതിനുള്ള നടപടിക്രമങ്ങളും പൗരസ്ത്യ, ലത്തീൻ കാനൻ നിയമസംഹിതകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2024 ജൂലൈ എട്ടാം തീയതി, എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ പ്രസ്തുത അതിരൂപതാംഗങ്ങളായ വൈദികർക്ക് നൽകിയ ഒരു മറുപടിക്കത്ത് (Prot No. AAP/CP/484/2024), മുകളിൽപ്പറഞ്ഞപ്രകാരമുള്ള 'ഭരണപരമായ കൽപ്പനക്കെതിരെയുള്ള അപേക്ഷ'യ്ക്കുള്ള മറുപടിയായിരുന്നു. എന്നാൽ, അപേക്ഷകർ തങ്ങളുടെ അപേക്ഷ പരസ്യപ്പെടുത്താതിരുന്നതുകൊണ്ടും, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിന്റെ മറുപടി നവമാധ്യമങ്ങളിൽ വന്നതുകൊണ്ടും വിശ്വാസികളിൽ പലർക്കും അതിന്റെയർത്ഥം മനസ്സിലാക്കാൻ സാധിക്കാതെ വന്ന പശ്ചാത്തലത്തിൽ, ചില വിമത നേതാക്കൾ, ആ മറുപടിയെ അസത്യങ്ങൾകൊണ്ടും അർത്ഥസത്യങ്ങൾകൊണ്ടും വിശകലനം ചെയ്തതുകൊണ്ട് കാനൻ നിയമത്തിലെ പ്രസ്തുത നടപടിക്രമങ്ങൾ വിശ്വാസികളുടെ തെറ്റിദ്ധാരണ മാറ്റുന്നതിനായി അല്പമായി വിശകലനം ചെയ്യുവാനുള്ള ഒരു ശ്രമമാണ് ഈ ലേഖനം.


### 1. ഡിക്രിക്കെതിരെയുള്ള അപേക്ഷയുടെ നടപടിക്രമം

ഭരണപരമായ നടപടിക്രമങ്ങളിൽ ഡിക്രി, പ്രീസെപ്റ്റ്, റെസ്ക്രിപ്റ്റ് എന്നീ മൂന്ന് വിഭാഗങ്ങൾ പ്രധാനമായി ഉണ്ടെങ്കിലും അതിൽ ഭരണപരമായ കൽപ്പന അഥവാ ഡിക്രിക്കെതിരായി മാത്രമേ അപേക്ഷ അഥവാ റിക്കോഴ്സ് (recourse) കൊടുക്കുവാൻ നൈയാമികമായി സാധ്യതയുള്ളൂ. ഇത്തരുണത്തിൽ അപ്പീൽ (appeal) അപേക്ഷ (recourse) എന്നീ വാക്കുകളുടെ അർത്ഥവ്യത്യാസം നാം മനസ്സിലാക്കേണ്ടതുണ്ട്. ഒരു കോടതിവിധിക്കെതിരെ ഉന്നതകോടതിയെ സമീപിക്കുന്നതിനെയാണ് അപ്പീൽ എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത്. അതായത്, നീതിന്യായപര (judicial) മായ അധികാരത്തിന്റെ പശ്ചാത്തലത്തിലാണ് അപ്പീലിന് പ്രസക്തിയുള്ളത്. എന്നാൽ, ഒരാളുടെ മേലധികാരിയുടെ ഒരു കൽപ്പന ഭരണനിർവഹണപര (executive power) മായ അധികാരത്തിൽ നിന്നുരുത്തിരിയുന്നതാണ്. ആ കൽപ്പനയ്ക്കെതിരെ, അനുസരിക്കേണ്ട വ്യക്തിക്ക് രണ്ട് രീതിയിൽ പ്രതികരിക്കുവാൻ സാധിക്കും. ഒന്ന്, ആ അധികാരിയുടെ കൽപ്പനയ്ക്കെതിരെ, ആ അധികാ

രിയെ വിധിക്കുവാൻ നൈയാമികശേഷി (legal competence) ഉള്ള സഭാക്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്യുവാൻ സാധിക്കും. രണ്ടാമതായി, ആ കൽപ്പനയ്ക്കെതിരെ, ആ അധികാരിയുടെ ഉന്നതാധികാരി (hierarchical superior)യെ സമീപിക്കാനുമാവും. ഇങ്ങനെ, സ്വന്തം അധികാരിയുടെ ഡിക്രിക്കെതിരെ ഉന്നതാധികാരിയെ സമീപിക്കുന്നതിനെയാണ് ഹൈരാർക്കിക്കൽ റിക്കോഴ്സ് (hierarchical recourse) എന്ന് പറയുന്നത്. പൗരസ്ത്യ കാനോന സംഹിതയിലെ 999-ാം കാനോന പ്രകാരം "കൽപ്പനയെക്കുറിച്ച് നിയമാനുസൃതമായ അറിയിപ്പ് കിട്ടിയശേഷം പരാതി സമർപ്പിക്കുവാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ള പത്ത് ദിവസത്തെ കാലാവധിക്കുള്ളിൽ, കൽപ്പന പുറപ്പെടുവിച്ച ആളിന്" കൽപ്പന പിൻവലിക്കുന്നതിനോ തിരുത്തുന്നതിനോ ഉള്ള രേഖാമൂലമായ പരാതി സമർപ്പിക്കണമെന്നാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഉന്നതാധികാരിയെ ഹയരാർക്കിക്കൽ റിക്കോഴ്സിലൂടെ സമീപിക്കുന്നതിന് മുമ്പായി, കൽപ്പന പുറപ്പെടുവിച്ച അധികാരിയുടെ അടുത്തുതന്നെ പരാതി സമർപ്പിക്കണമെന്ന് സാരം. ഇതിനെയാണ് റെമോൺസ്ട്രേഷൻ (remonstration) എന്ന് കാനൻ നിയമത്തിൽ വിവക്ഷിക്കുന്നത്. ഈ remonstration അഥവാ പരാതി (simple recourse), പ്രസ്തുത അധികാരി രേഖാമൂലം തള്ളിക്കളയുകയോ (reject), ആ പരാതിക്ക് 90 ദിവസത്തിനകം മറുപടി നൽകാതിരിക്കുകയോ ചെയ്താൽ (cf. CCEO c. 1518), പരാതിക്കാരന് ഉന്നതാധികാരിയെ സമീപിക്കാനാവും. എന്നാൽ, പൗരസ്ത്യ കാനോന സംഹിതയിലെ 1486-ാം കാനോന പ്രകാരം "കോടതി നടപടിക്രമം കൂടാതെയുള്ള ശിക്ഷ ചുമത്തലി"ന്റെ പശ്ചാത്തലത്തിലുള്ള ശിക്ഷിച്ചുകൊണ്ടുള്ള ഒരു വിധി (penal decree) യ്ക്കെതിരെ മുകളിൽ പറഞ്ഞിട്ടുള്ള റെമോൺസ്ട്രേഷൻ കൂടാതെ തന്നെ നേരിട്ട് ഉന്നതാധികാരിയെ സമീപിക്കാവുന്നതാണ് (cf. CCEO c. 1487).

ഒരു വ്യക്തി, തന്റെ അധികാരിയുടെ കൽപ്പനയ്ക്കെതിരായി ആ അധികാരിക്കുതന്നെ റെമോൺസ്ട്രേഷൻ കൊടുക്കുകയോ ഉന്നതാധികാരിക്ക് ഹയരാർക്കിക്കൽ റിക്കോഴ്സ് കൊടുക്കുകയോ ചെയ്തതുകൊണ്ട്, ആ പരാതിയുടെ മറുപടി വരുന്നതുവരെ ആ കൽപ്പന അനുസരിക്കുന്നതിൽ നിന്നും ആ വ്യക്തിക്ക് വിടുതൽ കിട്ടുമോ എന്നതാണ് ഇത്തരുണത്തിൽ പ്രസക്തമായ ചോദ്യം. പൗരസ്ത്യ കാനോന സംഹിതയനുസരിച്ച് പൊതുവേ പറഞ്ഞാൽ, ഇത്തരത്തിലുള്ള റിക്കോഴ്സുകൾക്ക് സസ്പെൻസീവ് ഇഫെക്ട് (suspensive effect) ഇല്ലായെന്നതാണ് അതിന്റെ ഉത്തരം. മറ്റൊരു വാക്കിൽ പറഞ്ഞാൽ, പരാതിയിൽ അനുകൂലമായ തീരുമാനമാകുന്നതുവരെ പരാതിക്കാരൻ ആ കല്പന അനുസരിക്കേണ്ടിയിരിക്കുന്നു എന്ന് സാരം. ഇത് കാനൻ നിയമത്തിന്റെ മാത്രം പ്രത്യേകതയല്ല; പ്രത്യുത സിവിൾ നിയമത്തിലും അങ്ങനെ തന്നെയാണ്. ഉദാഹരണത്തിന് വൈദ്യുതവകുപ്പിന്റെ ബില്ല് കിട്ടുന്നയാൾ, സാധാരണ ദ്വൈമാസ ബില്ല് 2000 രൂപയായിരുന്ന സ്ഥാനത്ത് ഇത്തവണ 35,000 രൂപയുടെ ബില്ലാണ് കിട്ടിയതെങ്കിൽ പോലും ബില്ലിലെ തുക അടയ്ക്കേണ്ടിയിരിക്കുന്നു. പരാതിയിൽ തീരുമാനമാകുമ്പോൾ ആ തുക തിരിച്ചു കിട്ടുകയാണുള്ളത്. ചുരുക്കിപ്പറഞ്ഞാൽ അധികാരിയുടെ കൽപ്പനയ്ക്കെതിരെ താൻ മേലധികാരിയെ സമീപിച്ചിട്ടുണ്ട്; അതിന്റെ മറുപടി കിട്ടിയശേഷമേ താൻ അനുസരിക്കൂ എന്ന നിലപാട് നൈയാമികമായി നിലനിൽക്കുന്നതല്ല. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ഞങ്ങൾ വത്തിക്കാനിൽ റിക്കോഴ്സ് ഫയൽ ചെയ്തിട്ടുണ്ട്; അതിനാൽ അതിന് മറുപടി വരുന്നതുവരെ, തങ്ങൾ അനുസരിക്കുവാൻ കടപ്പെട്ടവരല്ല എന്ന വിമതവൈദികരുടെ വാദം നിലനിൽക്കുന്നതല്ല. എന്നിരുന്നാലും, തങ്ങളുടെ പരാതിയിൽത്തന്നെ, പരാതിയിൽ തീരുമാനം വരുന്നതുവരെ താൽക്കാലികമായി പ്രസ്തുത കൽപ്പന അനുസരിക്കുന്നതിൽനിന്നും തങ്ങൾക്ക് വിടുതൽ തരണമെന്ന് അപേക്ഷിക്കാവുന്നതാണ്. അങ്ങനെ, താൽക്കാലികമായ വിടുതൽ പ്രസ്തുത അധികാരിയിൽനിന്നും ഒരു ഡിക്രിയായി (interim order) കിട്ടാത്തിടത്തോളംകാലം, പരാതിയിൽ തീരുമാനമാകുന്നതുവരെ പ്രസ്തുത കല്പന അനുസരിക്കുവാൻ പരാതിക്കാരന് കടമയുണ്ട്.

എന്നാൽ, നാല് പ്രത്യേക സാഹചര്യങ്ങളിൽ, പൗരസ്ത്യ കാനോന സംഹിത, ഉന്നതാധികാരിക്കുള്ള പരാതിക്ക് suspensive effect നൈയാമികമായി നൽകുന്നുണ്ട്. അവ, 1486-ാം കാനോനപ്രകാരമുള്ള ശിക്ഷ, ഒരു സന്യാസസഭയിൽ നിന്നുള്ള ഡിസ്മിസ്സൽ, ഒരു ഇടവക വികാരിയുടെ സ്ഥലംമാറ്റം, ഒരു ഇടവക വികാരിയെ




**ഒരാളുടെ മരണത്തിനുശേഷം എന്തെല്ലാം കർമ്മങ്ങൾ ഉണ്ടായിരുന്നു ?**

**മരിച്ച വ്യക്തിയുടെ ശരീരം കച്ചകൾ പൊതിഞ്ഞ് കല്ലറകളിൽ (Kokhim) അടക്കിയിരുന്നു**

**മൃതസംസ്കാരത്തിന് ശേഷം ഒരാഴ്ച നീണ്ടു നിൽക്കുന്ന വിലാപത്തിന്റെ ദിവസങ്ങൾ (Shiva)ആയിരുന്നു**

**ഈ സമയത്ത് വീടുകളിലെ മണ്ണുകൊണ്ട് ഉണ്ടാക്കിയ പാത്രങ്ങൾ ഉടച്ചു കളയുന്നു.**

**ഒരാഴ്ചയ്ക്ക് ശേഷം, ഉറ്റ ബന്ധുക്കൾ മാത്രം ഒരു മാസം നീണ്ടു നിൽക്കുന്ന വിലാപം (Shoshim) അനുഷ്ഠിക്കുന്നു.**

**ഒരു വർഷത്തിനുശേഷം മരിച്ച ആളുടെ എല്ലുകൾ Ossuary യിലേക്ക് മാറ്റുന്നു.**



**കുടുംബത്തിൽനിന്ന് മരിച്ചുപോയ വ്യക്തികളെ പ്രാർത്ഥനയിൽ മറക്കാതിരിക്കാം**

Franz, G., THE RESURRECTION OF THE JERUSALEM SAINTS AT THE FEAST OF FIRSTFRUITS (Matthew 27:51-54)https://www.lifeandland.org/category/the-life-and-land-of-the-lord-jesus/

നീക്കംചെയ്യൽ എന്നിവയാണ്. ഇതിലേതിനെങ്കിലുമെതിരെയുള്ള ഉന്നതാധികാരിക്കുള്ള പരാതി (hierarchical recourse), പരാധിക്കുപോൽബലകമായ കൽപ്പനയുടെ അനുസരണത്തിൽനിന്നും പരാതിക്കാരന് പ്രസ്തുത പരാതിയിലെ വിധി വരുന്നതുവരെ വിടുതൽ നൽകുന്നു.

### 2. ഡിക്രികൾക്കെതിരെ പരാതി കൊടുക്കുവാനുള്ള സമയപരിധി

പൗരസ്ത്യ കാനോന സംഹിതയിലെ 999-1000 കാനോകളനുസരിച്ച്, അധികാരികളുടെ ഡിക്രി അഥവാ കൽപ്പനകൾക്കെതിരെ അതേ അധികാരിക്കുതന്നെ റെമോൺസ്ട്രേഷനോ ഉന്നതാധികാരിക്ക് ഹയരാർക്കിക്കൽ റിക്കോഴ്സോ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി, പ്രസ്തുത കൽപ്പനയെപ്പറ്റി അറിവ് കിട്ടിയശേഷം പത്ത് ദിവസത്തിനുള്ളിലാണ്. പത്ത് ദിവസം എന്ന് പറയുന്നത് peremptory time limit എന്ന നൈയാമിക വിഭാഗത്തിലാണ് വരുന്നത്. അതിന്റെ യർത്ഥം, ആ സമയത്തിനുള്ളിൽ ഫയൽ ചെയ്യാത്ത ഒരു പരാതിയും നൈയാമികമായി പിന്നീട് ഫയൽ ചെയ്യുവാൻ സാധ്യമല്ല എന്നതാണ്. ഇതിന് fatalia iuris എന്നാണ് നിയമവൃത്തങ്ങളിൽ പറയുന്നത്. അതായത്, fatality of law അഥവാ നിയമത്തിന്റെ മാരകത. പത്ത് ദിവസമെന്ന് പറയുന്നത് ലഭ്യമായ സമയ (available time)മാണ്. എന്നുപറഞ്ഞാൽ, ലഭ്യമായ സമയം ആരംഭിക്കുന്നത്, കൽപ്പനയെപ്പറ്റിയുള്ള അറിവ് ലഭിക്കുമ്പോൾ മാത്രമാണ്. ഈ സമയപരിധിയായ പത്ത് ദിവസത്തിനുള്ളിൽ പരാതി അയച്ചാൽ മാത്രം മതിയാകും; പരാതി അധികാരിയുടെ അടുത്ത് എത്തിച്ചേരണമെന്നില്ല. അതായത് കൽപ്പന കിട്ടിയ ശേഷം, ആ ദിവസം എണ്ണത്തിൽകൂട്ടാതെ, പിറ്റേ ദിവസം മുതൽ എണ്ണുമ്പോഴുള്ള പത്താം ദിവസം രജിസ്റ്റേർഡ് പോസ്റ്റായോ ഇ-മെയിൽ ആയോ അയക്കുന്ന പരാതി പത്ത് ദിവസത്തിന്റെ സമയപരിധിക്കുള്ളിൽ അയച്ചതായാണ് കാനൻ നിയമം കരുതുക (cf. CCEO c. 1546).




**ഈശോ ദൈവത്തിന്റെ പുത്രനാണെന്ന് സ്ഥാപിക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നോ?**

**BC 44 ൽ റോമൻ ചക്രവർത്തിയായിരുന്ന ജൂലിയസ് സീസർ തന്റെ സെനറ്റ് അംഗങ്ങളാൽ കൊല്ലപ്പെട്ടു.**

**എന്നാൽ ഈ കൊലപതകത്തെ അപലപിച്ച സെനറ്റിലെ മറ്റ് അംഗങ്ങൾ അദ്ദേഹത്തിന് ദൈവിക പദവി നൽകി.**

**Roman Pantheon ലെ ദൈവങ്ങളിൽ ഒരാളായി ജൂലിയസ് സീസർ മാറി എന്ന് അവർ ഡിക്രി ഇറക്കി.**

**അദ്ദേഹം സ്വർഗത്തിലേക്ക് പോകുന്നതായി പലരും കണ്ടതായി അക്കാലത്ത് പറഞ്ഞിരുന്നു (Suotenius, Deified Augustus 100:4; LCL 1:283-285).**

**ജൂലിയസ് സീസറിനു ശേഷം വന്ന അഗസ്റ്റസ് സീസർ താൻ 'ദൈവത്തിന്റെ പുത്രൻ' (Son of God) ആണെന്ന് അവകാശപ്പെട്ടിരുന്നു.**

**അഗസ്റ്റസ് സീസറാണ് ദൈവത്തിനെ പുത്രനെണെന്നാണ് അന്ന് പരക്കെ അറിയപ്പെട്ടിരുന്നത്.**



**ഈശോയ്ക്ക് അല്ലാതെ ലോകത്തിലെ ഒരു വ്യക്തിക്കും മനുഷ്യൻറെ പാപം ക്ഷമിക്കാൻ സാധിക്കില്ല.**

Franz, G., "THE IMPERIAL CULT AND THE RESURRECTION OF THE LORD JESUS CHRIST Romans 1:3-4 ".https://www.lifeandland.org/category/the-life-and-land-of-the-lord-jesus/

ഇവിടെ പ്രസക്തമായ മറ്റൊരു നിയമപ്രശ്നം, അധികാരി നേരിട്ട് നൽകുന്ന ഒരു കല്പന വാങ്ങുവാൻ വിസമ്മതിക്കുന്ന, അഥവാ അധികാരി തപാൽവഴി അയക്കുന്ന ഒരു കൽപ്പന കൈപ്പറ്റുവാൻ വിസമ്മതിക്കുന്ന ഒരു വ്യക്തിയെ സംബന്ധിച്ചുള്ള താണ്. പല രീതിയിൽ, കൽപ്പനകൾ അധീനർക്ക് നൽകുവാൻ അധികാരികൾക്ക് സാധിക്കും. ഒന്നാമ ത്തേത്, അധികാരി നേരിട്ടോ, ചാൻസലർ വഴിയോ മറ്റൊരു ദൂതൻവഴിയോ കൽപ്പന പ്രസ്തുത വ്യക്തിക്ക് കൈമാറുകയെന്നതാണ്. പ്രസ്തുത വ്യക്തി കൽപ്പന കൈപ്പറ്റുവാൻ വിസമ്മതിച്ചാൽ, അയാളുടെ ഔദ്യോഗിക വസതിയുടെ വാതിലിൽ ആ കൽപ്പന പതിക്കുകയോ, സന്യാസിയാണെങ്കിൽ, ആ വ്യക്തി അംഗമായിരിക്കുന്ന സന്യാസഭവനത്തിന്റെ നോട്ടീസ് ബോർഡിൽ ആ ഉത്തരവ് പതിക്കുകയും ചെയ്താൽ പ്രസ്തുത കൽപ്പന ആ വ്യക്തിക്ക് നൽകിയതായി കാനൻ നിയമം കരുതും. ഇത് വിളംബരം വഴിയായുള്ള (edict) കൽപ്പനയുടെ കൈമാറ്റം എന്നാണ് ചരിത്രപരമായി അറിയപ്പെടുന്നത്. ആധുനിക കാലഘട്ടത്തിൽ E-mail, WhatsApp തുടങ്ങിയ നവമാധ്യമങ്ങളിലൂടെയും തപാൽ വഴിയായും ഇങ്ങനെയുള്ള വിളംബരം വഴിയായുമുള്ള കൽപ്പന കൈമാറൽ കൂടുതൽ ശക്തിപ്പെടുത്തുവാനുമാകും. ഇ-മെയിൽ വഴി അധികാരിയുമായി ആശയവിനിമയം ഇതിനകം നടത്തിയിട്ടുള്ള ഒരു വ്യക്തിക്ക് അധികാരി അതേ ഇ-മെയിൽ വിലാസത്തിൽ അയക്കുന്ന കൽപ്പനകൾ ആ വ്യക്തിയെ അറിയിച്ചതായി കരുതാവുന്നതാണ്. അങ്ങനെ വന്ന ഒരു ഇ-മെയിൽ തനിക്ക് കിട്ടിയില്ല, താൻ കണ്ടില്ല, വായിച്ചില്ല എന്ന് വാദിക്കുന്ന ഒരു വ്യക്തിക്ക് തന്റെ വാദങ്ങൾ ശാസ്ത്രീയമായി തെളിയിക്കേണ്ടിവരും അയാളുടെ പരാതി, സമയപരിധിക്ക് ശേഷമാണ് അധികാരിക്ക് അയക്കുന്നതെങ്കിൽ.

### 3. പ്രീസെപ്റ്റിനും റെസ്ക്രിപ്റ്റിനും എതിരെ പരാതി സാധ്യമോ?

പൗരസ്ത്യ കാനോന സംഹിതയും ലത്തീൻ സഭയുടെ കാനൻ നിയമവും ഭരണപരമായ നടപടികൾ ഡിക്രി, പ്രീസെപ്റ്റ്, റെസ്ക്രിപ്റ്റ് എന്നീ ത്രിവിധങ്ങളാണ് പ്രധാനമായുമെന്ന് വ്യക്തമാക്കുമ്പോഴും അതിൽ ഡിക്രികൾക്കെതിരെ മാത്രമേ പരാതി ഉന്നയിക്കുവാനുള്ള നിയമങ്ങൾ നൽകിയിട്ടുള്ളൂ. അതിനർത്ഥം പ്രീസെപ്റ്റ്, റെസ്ക്രിപ്റ്റ് എന്നിവക്കെതിരെ പരാതികൾ നൈയാമികമായി നിലനിൽക്കുന്നതല്ല എന്നുതന്നെയാണ്. റെസ്ക്രിപ്റ്റിനെതിരെ പരാതിക്കിടമില്ലാത്തിന് കാരണം ആ സംജ്ഞകൊണ്ടുദ്ദേശിക്കുന്നത് ആനു

കൂല്യങ്ങൾ (favours) ആണ് എന്നതാണ്. സിംഹാസന കൽപ്പനകൾ എന്നാണ് റെസ്ക്രിപ്റ്റിന് മലയാള പരിഭാഷ നൽകിയിരിക്കുന്നത്. അവയിലാണ് പ്രിവിലേജുകൾ (privileges) ഡിസ്പെൻസേഷൻ തുടങ്ങിയ ആനുകൂല്യങ്ങളെല്ലാം വരുന്നത്. ഒരു സന്യസ്തന്റെ അഥവാ സമർപ്പിതന്റെ വ്രതങ്ങളിൽനിന്ന് വിടുതൽ നൽകുന്ന ഇൻഡൾട്ട്, (indult of secularization), ഒരു വൈദികന് പൗരോഹിത്യാന്തസ്സിൽ നിന്നും വിടുതൽ നൽകുന്ന ഇൻഡൾട്ട് (indult of laicization) എന്നിവയെല്ലാം ഈ വിഭാഗത്തിലാണ് വരുന്നത്. ഒരു സന്യാസിയെ, ആ വ്യക്തിയുടെ അനുവാദമില്ലാതെ സന്യാസസഭയിൽനിന്നും ഡിസ്മിസ് ചെയ്യുന്നത് indult അല്ല; പ്രത്യുത decree ആണ്. ആ ഡിക്രിക്കെതിരെ പരാതി സസ്പെൻസീവ് ഇഫക്റ്റോടുകൂടി നൽകുവാൻ സാധിക്കും. എന്നാൽ സന്യാസം അഥവാ പൗരോഹിത്യം സ്വമനസ്സാ ഉപേക്ഷിക്കുവാനാഗ്രഹിക്കുന്ന ഒരു വ്യക്തി അതിനായി അപേക്ഷ വെച്ചുകഴിയുമ്പോൾ, ആ അപേക്ഷയിൽ പറയുന്ന കാര്യങ്ങൾ യുക്തിസഹജമാണെന്ന് തോന്നുന്ന ഉത്തരവാദിത്തപ്പെട്ട ഉന്നതാധികാരി ആ അപേക്ഷകന് നൽകുന്ന ആനുകൂല്യമാണ് ലൗകിക ജീവിതത്തിലേക്ക് തിരിച്ചുപോകുവാൻ അനുവദിക്കുന്ന സിംഹാസന കൽപ്പനയും (indult of secularization) അല്മായ ജീവിതാന്തസ്സിലേക്ക് തിരിച്ചുപോകാൻ ഒരു വൈദികനെ അഥവാ ഡീക്കനെ അനുവദിക്കുന്ന സിംഹാസന കൽപ്പനയും (indult of laicization). സിംഹാസന കൽപ്പനകളുടെ പ്രത്യേകത, അവ കൈപ്പറ്റി അതിനെ സ്വീകരിക്കുന്നു എന്ന് അപേക്ഷകൻ എഴുതി നൽകുമ്പോൾ മാത്രമേ ആ ആനുകൂല്യം നൈയാമികമായി നിലവിൽ വരികയുള്ളൂ. മറ്റൊരുവാക്കിൽ പറഞ്ഞാൽ, സന്യാസം ഉപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നു; വ്രതങ്ങളിൽനിന്നും വിടുതൽ നൽകണമെന്ന് മേജർ ആർച്ച് ബിഷപ്പിനോ പരിശുദ്ധ സിംഹാസനത്തിന് തന്നെയോ അപേക്ഷ വച്ച ഒരു വ്യക്തി, അപേക്ഷിച്ച ഇൻഡൾട്ട് കിട്ടിക്കഴിയുമ്പോൾ മനസ്സ് മാറി അത് സ്വീകരിക്കുന്നു എന്ന് എഴുതി നൽകാത്തിടത്തോളംകാലം ആ വ്യക്തിക്ക് പ്രസ്തുത സന്യാസസഭയിൽ തുടരുവാൻ സാധിക്കും. അധികാരിക്ക് വിളംബരം വഴിയോ മറ്റ് മാർഗങ്ങളിലൂടെയോ പ്രസ്തുത വ്യക്തിയെ പുറത്താക്കാനാവില്ല; ഡിസ്മിസ്സൽ നടപടിക്രമങ്ങളിലൂടെ യല്ലാതെ.

പ്രീസെപ്റ്റുകൾ അഥവാ വ്യക്തിഗത പ്രമാണങ്ങൾ എന്ന് പറഞ്ഞാൽ എന്താണെന്ന് പൗരസ്ത്യ കാനോന സംഹിത 1510-ാം കാനോനയിൽ ഇങ്ങനെ വിശദീകരിക്കുന്നു: അവ "ഒരു വ്യക്തിയോടോ, നിശ്ചിത വ്യക്തികളോടോ ഒരു കാര്യം - പ്രത്യേകിച്ച് നിയമം പാലിക്കുന്നതിനെ സംബന്ധിച്ച് - എന്തെങ്കിലും നിയമാനുസൃതം ചെയ്യണമെന്നോ ചെയ്യരുതെന്നോ ആവശ്യപ്പെടുന്ന"വയാണ് പ്രീസെപ്റ്റുകൾ അഥവാ വ്യക്തിഗത പ്രമാണങ്ങൾ (CCEO c. 1510, §2, 2°). പൗരസ്ത്യകാനോന സംഹിതയിലെ 1406-ാം കാനോനയുടെ രണ്ടാം ഖണ്ഡികപ്രകാരം "ശിക്ഷ ചുമത്തുമെന്നുള്ള ഭീഷണിയോടുകൂടിയ മുന്നറിയിപ്പോടെ മേലദ്ധ്യക്ഷൻ ഓരോ കേസിലും അനുശാസിക്കുന്ന ശിക്ഷാപരമല്ലാത്ത നിയമം ശിക്ഷ നൽകുന്ന വ്യക്തിഗതമായ പ്രമാണ (penal precept)ത്തിന് തുല്യമാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ പ്രീസെപ്റ്റ് എന്ന് പറയുന്നത് ഏതെങ്കിലും നിയമം അനുസരിക്കണമെന്നുള്ള ഉത്തരവ് (order) അഥവാ ഏതെങ്കിലും കാര്യം ചെയ്യരുതെന്നുള്ള ഉത്തരവ് (prohibition) ആണ്. അതിനോടുകൂടി ഒരു ശിക്ഷ ചുമത്തുമെന്നുള്ള ഭീഷണികൂടി ചേർക്കുമ്പോൾ അതൊരു പീനൽ പ്രീസെപ്റ്റ് ആയി മാറുന്നു. നിയമാനുസരണത്തിന്റെ (ius) പശ്ചാത്തലത്തിലാണ് പ്രീസെപ്റ്റുകൾ പുറപ്പെടുവിക്കുക. അത് അതിൽത്തന്നെ ശിക്ഷയല്ലാത്തതിനാലാണ് അങ്ങനെയുള്ള പ്രീസെപ്റ്റുകൾക്കെതിരെ റിക്കോഴ്സുകൾ സാധ്യമല്ലാത്തത്.

### 4. 2024 ജൂൺ 9-ാം തീയതിയിലെ സർക്കുലറിനെതിരെ വത്തിക്കാന് നൽകിയ ഹയരാർക്കിക്കൽ റിക്കോഴ്സ് നിലനിൽക്കുമോ?

സീറോ-മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവും എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ പിതാവും കൂടി 2024 ജൂൺ 9-ാം തീയതി എറണാകുളം-അങ്കമാലി അതിരൂപതാംഗങ്ങൾക്കായി ഇറക്കിയ സംയുക്ത സർക്കുല (cf. *കർമ്മലകുസുമം*, July 2024, pp. 5-12) റിനെതിരായി വത്തിക്കാനിലെ Dicastery for Legislative Texts-ൽ റിക്കോഴ്സ് ഫയൽ ചെയ്തിട്ടുണ്ട്; അതിനാൽ, അതിന്റെ മറുപടി കിട്ടുന്നതുവരെ, ആ



സർക്കുലറിൽ ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ അനുസരിക്കുവാൻ തങ്ങൾക്ക് കടമയില്ല എന്നതായിരുന്നു എറണാകുളം വിമതർ നവമാധ്യമങ്ങളിലൂടെ ആ ദിവസങ്ങളിൽ പ്രചരിപ്പിച്ചിരുന്നത്. ഇത്തരുണത്തിൽ, ആ സംയുക്ത സർക്കുലറിനെ കാനോനികമായി വിലയിരുത്തേണ്ടത് ആവശ്യമാണ്. ഒന്നാമതായി, തീർപ്പ് കൽപ്പിക്കേണ്ട കാര്യം, ആ സർക്കുലർ ഒരു ഡിക്രിയാണോ എന്നതാണ്. ഡിക്രിയാണെന്നാണ് ഉത്തരമെങ്കിൽ, അതിനെതിരെ അതിന്റെ ഉപജ്ഞാതാക്കളായ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിനും മേജർ ആർച്ച് ബിഷപ്പിനും റിമോൺസ്ട്രേഷൻ ഫയൽ ചെയ്യുകയും അത് തള്ളപ്പെട്ടുകഴിയുമ്പോൾ മാത്രം അവരുടെ ഹയരാർക്കിക്കൽ സുപ്പീരിയറായ പൗരസ്ത്യ കാര്യാലയത്തിൽ ഹയരാർക്കിക്കൽ റിക്കോഴ്സ് സമർപ്പിക്കുകയും ചെയ്യുവാൻ സാധിക്കും. എന്നാൽ, വത്തിക്കാനിലെ Dicastery for Legislative Texts, അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെയോ മേജർ ആർച്ച് ബിഷപ്പിന്റെയോ ഡിക്രിക്കെതിരായുള്ള പരാതികളിൽ തീർപ്പു കൽപ്പിക്കുവാൻ അധികാരമുള്ള ഉന്നതാധികാര സമിതിയല്ല. പ്രത്യുത, ആ ഡിക്കാസ്റ്ററിയുടെ ദൗത്യം, നിയമനിർമ്മാണം, നിയമവ്യാഖ്യാനം എന്നിവയാണ്. ഏതെങ്കിലും ഒരു നിയമത്തിന്റെ വ്യാഖ്യാനസംബന്ധിയായി ഗൗരവതരമായ സംശയങ്ങളുണ്ടെങ്കിൽ, ആ ഡിക്കാസ്റ്ററിയോട് ആ വിഷയസംബന്ധിയായ സംശയങ്ങൾ ചോദിച്ചാൽ, ചോദ്യത്തിന്റെ പശ്ചാത്തലം മനസ്സിലാക്കിയശേഷം അവർ മറുപടി തരും. അല്ലാതെ, പ്രസ്തുത സർക്കുലർ തിരുത്തുവാനോ റദ്ദ് ചെയ്യുവാനോ ആ ഡിക്കാസ്റ്ററിക്ക് അധികാരമില്ല. എറണാകുളം വിമർ പരാതിക്ക് പകരം സംശയ (dubium) മാണ് അയച്ചതെങ്കിൽ മറുപടി കിട്ടുവാൻ സാധ്യതയുണ്ട്. മറുപടി കിട്ടുവാനായി ചോദിക്കുവാൻ സാധ്യമായ സംശയങ്ങളിലൊന്ന്, latae sententiae അഥവാ ഓട്ടോമാറ്റിക് ശിക്ഷകൾ നിലവിലില്ലാത്ത പൗരസ്ത്യ സഭകളിലൊന്നായ സീറോ-മലബാർ സഭയിൽ, പ്രസ്തുത സർക്കുലറിൽ പറഞ്ഞിരിക്കുന്നതുപോലെ 2024 ജൂലൈ മൂന്നാം തീയതിയോടെ 50:50 ഫോർമുല അനുസരിച്ചുള്ള അംഗീകൃത കുർബാനയർ പ്പണരീതി ആരംഭിക്കാത്ത എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരെല്ലാം, അതേ കാരണത്താൽത്തന്നെ 2024 ജൂലൈ നാലാം തീയതി മുതൽ ഓട്ടോമാറ്റിക്കായി വലിയമഹറോൻ ശിക്ഷയിൽപ്പട്ടതായി കണക്കാക്കണമോ അതെയോ, അവരെ ശിക്ഷാനടപടിക്രമം പാലിച്ചുകൊണ്ട് ഒരു സഭാക്കോടതിയുടെ വിധി (judicial sentence) അഥവാ വത്തിക്കാൻ ഡിക്രിവഴി ശിക്ഷിച്ചുകഴിയുമ്പോൾ മാത്രമേ അവർ മഹറോൻ ശിക്ഷയിൽപ്പെട്ടതായി കരുതേണ്ടതുണ്ടോ എന്നതാണ്. മറ്റൊരു ചോദ്യം, ഒരു സർക്കുലർ വഴി ഒരു പീനൽ പ്രീസെപ്റ്റ് ഒരു വ്യക്തിക്കോ ഒന്നിലധികം വ്യക്തികൾക്കോ കൊടുക്കുവാൻ സാധിക്കുമോ എന്നതായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ, 2024 ജൂൺ 9-ാം തീയതിയിലെ സംയുക്ത സർക്കുലറിനെതിരായി Dicastery for Legislative Texts-ന് യാതൊരു ഹയരാർക്കിക്കൽ റിക്കോഴ്സും നിലനിൽക്കുകയില്ല എന്നതാണ് വാസ്തവം.

പ്രസ്തുത സർക്കുലർ ഒരു സംയുക്ത സർക്കുലറായതിനാൽ മാർ ബോസ്കോ പിതാവും മാർ തട്ടിൽ പിതാവും അതിന്റെ സംയുക്ത രചയിതാക്കളായതിനാൽ, അതിനെതിരെയുള്ള ആദ്യ പരാതി (Remonstration) അവർക്ക് നൽകിയശേഷം അതിനെതിരെയുള്ള ഉന്നതാധികാരിക്കുള്ള പരാതി മാർപാപ്പയ്ക്ക് നേരിട്ട് നൽകുന്നതാണ് കൂടുതൽ ഉചിതം. കാരണം, സംയുക്ത സർക്കുലറിലെ കാര്യങ്ങൾ മാർപാപ്പയുടെ പ്രതിനിധി (papal delegate) സിറിൽ വാസിൽ പിതാവ് തുടങ്ങി സെക്രട്ടറി ഓഫ് സ്റ്റേറ്റ് കർദ്ദിനാൾ പിയേത്രോ പരോളിൻ ഉൾപ്പെടെയുള്ള ഉന്നതാധികാര സമിതിയുടെ തീരുമാനങ്ങളായിരുന്നല്ലോ.

### 5. 2024 ജൂൺ 9-ാം തീയതിയിലെ സംയുക്ത സർക്കുലറിനെതിരെയുള്ള പരാതിക്ക് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ കൊടുത്ത മറുപടി

മാർ ബോസ്കോ പുത്തൂർ 2024 ജൂലൈ എട്ടാം തീയതി എറണാകുളം-അങ്കമാലി അതിരൂപതാ വൈദികർക്ക് നൽകിയ മറുപടിക്കത്തിൽ നിന്നും വ്യക്തമാകുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ താഴെ പറയുന്നവയാണ്: 1) 2024 ജൂൺ 9-ാം തീയതിയിലെ സംയുക്ത സർക്കുലറിനെതിരെ എറണാകുളം അങ്കമാലി അതിരൂപതാ വൈദികർ മാർ തട്ടിൽ പിതാവിനും മാർ പുത്തൂർ പിതാവിനും പരാതി (remonstration) അയച്ചിരുന്നത് തള്ളിക്കളഞ്ഞുകൊണ്ട് അവർക്കെല്ലാം വ്യക്തിപരമായി മറുപടി 2024 ജൂൺ 29ന് തന്നെ കൊടുത്തുവെങ്കിലും അവർ രണ്ടാമത് വീണ്ടും അതേ വിഷയത്തിൽത്തന്നെ recourse എന്ന പേരിൽ വീണ്ടും പരാതി സമർപ്പിച്ചതിനുള്ള മറുപടിയാണിത്. 2) പരാതിയിൽ ആവശ്യപ്പെട്ടിരിക്കുന്നത് സംയുക്ത സർക്കുലറിലൂടെ നൽകിയിട്ടുള്ള പീനൽ പ്രീസെപ്റ്റ് പിൻവലിക്കണം എന്നുള്ളതാണ്. 3) രണ്ട് മറുപടികളിലും മാർ ബോസ്കോ പിതാവ് വ്യക്തമാക്കുന്ന കാര്യം സംയുക്ത സർക്കുലർ നിയമാനുസൃതവും നിലനിൽക്കുന്നതുമാണ് എന്നും എന്നാൽ ആ സർക്കുലർവഴി ആർക്കും പീനൽ പ്രീസെപ്റ്റ് നൽകിയിട്ടില്ലായെന്നതുമാണ്. 4) പരാതിയിലെ മറ്റൊരു ആവശ്യം, ആ സർക്കുലർ വഴി തങ്ങളെ ശിക്ഷിച്ചിട്ടുള്ളതിനാൽ, പ്രസ്തുത പരാതിക്ക് പൗരസ്ത്യ കാനോന സംഹിതയിലെ 1487-ാം കാനോന പ്രകാരം സസ്പെൻസീവ് ഇഫെക്റ്റ് ഉള്ളതായി കരുതണമെന്നതായിരുന്നു. എന്നാൽ, മറുപടിയിൽ വ്യക്തമായിരിക്കുന്നത് സംയുക്ത സർക്കുലർ വഴി ആർക്കും 1486-ാം കാനോന അനുസരിച്ചുള്ള ശിക്ഷ നൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത 1487-ാം കാനോന അനുസരിച്ചുള്ള സസ്പെൻസീവ് ഇഫെക്റ്റ് ഉണ്ടായിരിക്കുന്നതല്ല എന്നതുമാണ്.

### 6. പുതിയ വൈസ് ചാൻസലറിന്റെ നിയമനം

2024 ജൂലൈ 8-ാം തീയതിയിലെ മാർ ബോസ്കോ പിതാവിന്റെ മറുപടിക്കത്തിൽ അദ്ദേഹത്തോടൊപ്പം ഒപ്പിട്ടിരിക്കുന്നത് വൈസ് ചാൻസലർ എന്ന പേരിൽ ഫാദർ തോമസ് മേൽവട്ടത്താണ്. രൂപതാ മെത്രാന്റെ അധികാരാവകാശങ്ങളിൽപ്പെടുന്നതാണ്, തന്റെ

രൂപതാഭരണത്തിനാവശ്യമായി കാണപ്പെടുന്ന വൈദികരെ രൂപതയുടെ ചാൻസലറും വൈസ് ചാൻസലറുമായി നിയമിക്കാമെന്നത്. മെത്രാനെ രൂപതാഭരണത്തിൽ സഹായിക്കുവാനായി നിയമിക്കപ്പെടുന്ന കൂരിയാ അംഗങ്ങൾ അതേ രൂപതയിൽപ്പെട്ടവരായിരിക്കണമെന്ന് യാതൊരു നിബന്ധനയും കാനൻ നിയമത്തിലില്ല. മറ്റ് രൂപതാവൈദികരോ സന്യാസ വൈദികരോ ചാൻസലർ, വൈസ് ചാൻസലർ പദവികളിൽ നിയമിക്കപ്പെടുവാൻ കാനൻ നിയമ തടസ്സങ്ങൾ ഒന്നുമില്ല.

**7. അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിന്റെ കൽപ്പനകൾക്കെതിരെ പരാതി മേജർ ആർച്ച് ബിഷപ്പിന് നൽകാനാവുമോ?**

എറണാകുളം-അങ്കമാലി അതിരൂപത സീറോ-മലബാർ സഭയുടെ ഭാഗമാണെങ്കിലും അതിന്റെ ഭരണം മാർപാപ്പ നേരിട്ട് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ വഴി നടത്തുന്നതിനാൽ മാർ ബോസ്കോ പുത്തൂരിന്റെ കൽപ്പനകൾക്കെതിരെയുള്ള ഹയരാർക്കിക്കൽ റിക്കോഴ്സ് സമർപ്പിക്കേണ്ടത് സീറോ- മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പായ മാർ റാഫേൽ തട്ടിൽ പിതാവിനല്ല; പ്രത്യുത, വത്തിക്കാനിലെ പൗരസ്ത്യ കാര്യാലയത്തിലാണ്.

**8. എറണാകുളം-അങ്കമാലി അതിരൂപതയിൽ ജനാഭിമുഖബലിയർപ്പണം ഇപ്പോൾ അനുവദനീയമായതെങ്ങനെ?**

പൗരസ്ത്യ കാനോന സംഹിതയിലെ മൂന്നാം കാനോനയനുസരിച്ച് ആരാധനക്രമ പുസ്തകങ്ങളിലെ നിബന്ധനകൾ പാലിക്കുവാൻ എല്ലാവരും കടപ്പെട്ടിരിക്കുന്നു. 150-ാം കാനോനയുടെ രണ്ടാം ഖണ്ഡിക പ്രകാരം മെത്രാൻ സിനഡ് പാസ്സാക്കി മേജർ ആർച്ച് ബിഷപ്പ് വിളംബരം ചെയ്യുന്ന (cf. CCEO c. 152) നിയമങ്ങൾ ആരാധനക്രമ സംബന്ധമാണെങ്കിൽ അവയ്ക്ക് ലോകമെമ്പാടും നിയമപ്രാബല്യമുണ്ട്. ഇതിൽ നിന്നും വ്യക്തമാകുന്ന കാര്യം നിയമപ്രാബല്യത്തോടെ എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലവിലുള്ള ബലിയർപ്പണരീതിയിൽ ജനാഭിമുഖബലിയർപ്പണരീതി ഉൾപ്പെടുന്നില്ല എന്നതാണ്. എന്നാൽ, ഒരു പ്രത്യേക നീക്കുപോക്ക് എന്ന നിലയിൽ 2024 ജൂൺ 14, 19 എന്നീ തീയതികളിൽ നടന്ന സീറോ-മലബാർ സിനഡ് ഇങ്ങനെ തീരുമാനിച്ചു: "എന്നാൽ 2024 ജൂലൈ 3 മുതൽ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഒരു കുർബാന എങ്കിലും സിനഡ് നിർദ്ദേശിച്ച ഏകീകൃത രീതിയിൽ അർപ്പിച്ചുതുടങ്ങുന്ന വൈദികർക്കെതിരെ 2024 ജൂൺ 9ന് നൽകിയ സർക്കുലറിൽ അറിയിച്ച പ്രകാരമുള്ള കാനോനികമായ ശിക്ഷാനടപടികൾ ആരംഭിക്കുന്നതല്ല." ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം, സീറോ-മലബാർ സിനഡ് തന്നെ നേരത്തെ നിയമവിരുദ്ധ (illicit) മായി പ്രഖ്യാപിച്ച ജനാഭിമുഖകുർബാന നിയമവിധേയ (licit) മാണെന്നോ എറണാകുളം-അങ്കമാലി അതിരൂപതയിൽ അത് ലിറ്റർജിക്കൽ വേരിയന്റായി അനുവദിക്കുന്നുവെന്നോ ആ കുറിപ്പിൽ കാണപ്പെടുന്നില്ല എന്നതാണ്. 2024 ജൂൺ 21-ാം തീയതിയിലെ ആ "സിനഡാനന്തര അറിയിപ്പിൽ" ആകെ വ്യക്തമാക്കുന്ന കാര്യം (cf. 5/2024) "ഒരു കുർബാന എങ്കിലും സിനഡ് നിർദ്ദേശിച്ച ഏകീകൃത രീതിയിൽ ബലിയർപ്പിച്ച് തുടങ്ങുന്ന വൈദികർക്കെതിരെ ... കാനോനിക ശിക്ഷാനടപടികൾ ആരംഭിക്കുന്നതല്ല" എന്ന് മാത്രമാണ്. തൽക്കാലം ശിക്ഷിക്കുന്നില്ല എന്നതിന്റെ അർത്ഥം ഒരു കുറ്റം കുറ്റമാകുന്നില്ല എന്നല്ല. കുറ്റങ്ങൾക്കുള്ള ശിക്ഷ അവസാന ശ്രമമാണ്. 'സാമ ദാന ഭേദ' പരീക്ഷണങ്ങൾ വിജയിക്കാതെ വരുമ്പോഴാണ് ശിക്ഷാനടപടികളിലേക്ക് കടക്കേണ്ടത്. 1403-ാം കാനോനയുടെ ഒന്നാം ഖണ്ഡിക ഈ അധികാരം മേലധ്യക്ഷന് നൽകുന്നുണ്ട്. പക്ഷേ അത് മൂന്ന് നിബന്ധനകൾക്ക് വിധേയമായി മാത്രമേ ചെയ്യാവൂ എന്ന് അതേ കാനോന വ്യക്തമാക്കുന്നു. ആ മൂന്ന് നിബന്ധനകൾ ഇവയാണ്: കുറ്റവാളിയുടെ മാനസാന്തരം, നീതിയുടെ പുനഃസ്ഥാപനം, ഉതപ്പ് ഇല്ലായ്മ ചെയ്യൽ (reform of offender, restoration of justice, removal of scandal). എന്നാൽ, ഈ മൂന്ന് കാര്യങ്ങളും എറണാകുളം-അങ്കമാലിയിലെ അനുസരണക്കേടിന്റെ പശ്ചാത്തലത്തിൽ സാധിതമായിക്കാണാത്തത് കൊണ്ട് പ്രസ്തുത കാനോന ഇവിടെ ഉപയോഗിക്കുവാൻ ബുദ്ധിമുട്ടുണ്ട്. എന്നിരുന്നാലും, ആത്മാർത്ഥമായി തന്റെ തെറ്റിനെപ്പറ്റി മനസ്തപിച്ച് സിനഡ് കുർബാന ചൊല്ലുവാൻ ആരംഭിച്ച ഒരു വൈദികൻ, വിശ്വാസികളുടെ എതിർപ്പ് മൂലം ജനാഭിമുഖ കുർബാനയുംകൂടി തുടരുന്ന ഒരു പ്രത്യേക സാഹചര്യത്തിൽ ശിക്ഷാനടപടി ആരംഭിക്കുകയില്ല



എന്നുള്ള സിനഡിന്റെ തീരുമാനത്തെ മനസ്സിലാക്കുവാൻ വിഷമമില്ല.

അതിലും മനസ്സിലാക്കുവാൻ കാനോനികമായി ബുദ്ധിമുട്ടുള്ളതാണ് മാർ റാഫേൽ തട്ടിൽ പിതാവും മാർ ബോസ്കോ പുത്തൂർ പിതാവും കൂടി 2024 ജൂലൈ 1-ാം തീയതി ഇറക്കിയ "അറിയിപ്പ്" (cf. No. 6/2024). പ്രസ്തുത അറിയിപ്പിൽ 3 നമ്പറുകളിലായി "സിനഡാനന്തര അറിയിപ്പിൽ" രണ്ടാം നമ്പറിലായി പ്രതിപാദിച്ചിരുന്ന, മുകളിൽ സൂചിപ്പിച്ച "ശിക്ഷാനടപടികൾ ആരംഭിക്കുകയില്ല" എന്ന വിഷയത്തിന്റെ വിശദീകരണം ഇങ്ങനെ നൽകിയിരിക്കുന്നു.

"1. 2014 ജൂലൈ 3 മുതൽ എറണാകുളം-അങ്കമാലി അതിരൂപതയിലെ എല്ലാ ഇടവക ദേവാലയങ്ങളിലും ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും സിനഡ് തീരുമാനിച്ച ഏകീകൃത രീതിയിൽ ഒരു കുർബാന എങ്കിലും അർപ്പിക്കേണ്ടതാണ്.

2. ഇപ്രകാരം ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും സിനഡ് തീരുമാനിച്ച ഏകീകൃത രീതിയിൽ ഒരു കുർബാനയെങ്കിലും അർപ്പിക്കുന്ന ദൈവാലയങ്ങൾ ഇപ്പോൾ നിലവിലുള്ള രീതി തുടരാവുന്നതാണ്.

3. ഈ കാര്യത്തിൽ സിനഡ് തീരുമാനമെടുക്കുന്നതിനുമുമ്പ് അതിരൂപതയിലെ കാനോനിക സമിതികളുമായി (ആലോചനാസമിതി, പ്രസ്ബിറ്ററൽ കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ) ചർച്ച നടത്തുന്നതാണ്."




**എങ്ങനെയാണ് പിശാച് നുണയുടെ പിതാവാകുന്നത്?**

**ഏറ്റവും ആദ്യ നുണയും ഏറ്റവും വലിയ നുണയും പിശാചിന്റെ നാവിൽ നിന്നാണ് വന്നത്.**

**ആദത്തെയും ഹവ്വായേയും പറുദീസായിൽ നിന്ന് പുറത്താക്കാൻ കാരണമായ നുണയാണ് ആദ്യത്തെ നുണ (ഉൽ 3:16)**

**ഏറ്റവും പരിശുദ്ധനായ ഈശോയെ മരണത്തിന് വിധിക്കാൻ കാരണമായ നുണ പിശാചിൽ നിന്ന് വന്നതാണ്. ഇതാണ് ഏറ്റവും വലിയ നുണ .**

**പിശാച് നുണയെ സത്യമായി അവതരിപ്പിച്ച് മനുഷ്യനെ ചതിക്കുന്നു.**



LÖFSTEDT, T., "The ruler of this world", Svensk exegetisk årsbok , v. 74 (2009) 55–79.

മുകളിൽ പറഞ്ഞ മൂന്ന് കാര്യങ്ങളും, സിനഡാനന്തര അറിയിപ്പിന്റെ വിശദീകരണമായാണ് നൽകപ്പെട്ടിരിക്കുന്നതെങ്കിലും പ്രസ്തുത വിശദീകരണങ്ങളിൽ ചിലത് സിനഡിന്റെ തീരുമാനത്തിന് വിരുദ്ധമാണെന്ന് പ്രത്യക്ഷത്തിൽ കാണപ്പെടുന്നു. അതുപോലെതന്നെ, സിനഡ് തീരുമാനം എടുക്കുന്നതിനുമുമ്പ് അതിരൂപതയിലെ കാനോനിക സമിതികളുമായി ചർച്ച നടത്തുന്നത് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററും മേജർ ആർച്ച് ബിഷപ്പും കൂടിയാണോ, അതെയോ സിനഡ് തന്നെയാണോ എന്നതും ഇവിടെ വ്യക്തമല്ല. കാനോനികമായി ഇക്കാര്യത്തെപ്പറ്റി രണ്ട് കാര്യങ്ങളാണ് പറയുവാൻ സാധിക്കുക. ഒന്നാമത്തേത്, അടുത്ത മെത്രാൻ സിനഡിന് മുമ്പായി എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ മാർ ബോസ്കോ പിതാവും അതേ രൂപതയുടെ മെത്രാപ്പോലീത്താ എന്ന നിലയിൽ മാർ തട്ടിൽ പിതാവും ആ അതിരൂപതയിലെ കാനോനിക സമിതികളെ കേൾക്കുന്നതിൽ അനൗചിത്യമൊന്നുമില്ല. രണ്ടാമതായി, കാനൻ നിയമത്തിൽ, കേൾക്കുക, ചർച്ച നടത്തുക എന്നൊക്കെ പറയുന്നത് consult എന്നതിന്റെ തുല്യമാണ്. അതിന് അഭിപ്രായം കേൾക്കൽ, ആലോചന ചോദിക്കൽ, ഉപദേശം തേടൽ എന്നീ അർത്ഥങ്ങളാണുള്ളത്. അല്ലാതെ അവരുടെ സമ്മതം (consent) വാങ്ങലല്ല. പൗരസ്ത്യ കാനോന സംഹിതയിലെ 934-ാം കാനോനയിൽ ഇങ്ങനെ ഇക്കാര്യ ത്തെപ്പറ്റി പറയുന്നു: "അവരുടെ ഉപദേശം ഏകകണ്ഠമാണെങ്കിൽ പോലും അത് അംഗീകരിക്കുവാൻ അധികാരിക്ക് കടമയില്ലെന്നിരുന്നാലും തന്റെ തീരുമാനത്തിന് കൂടുതൽ പ്രാധാന്യമുള്ള ഒരു കാരണമില്ലാത്തപക്ഷം അധികാരി അവരുടെ അഭിപ്രായത്തിന് - പ്രത്യേകിച്ചും അത് ഏകകണ്ഠമായിരിക്കുമ്പോൾ - എതിരായി പ്രവർത്തിക്കരുത്. ഇതിന്റെയർത്ഥം, കാനോനിക സമിതികൾ ഏകകണ്ഠമായി സിനഡ് കുർബാനയ്ക്കെതിരായും ജനാഭിമുഖ കുർബാനക്കനുകൂലമായും വരാനിരിക്കുന്ന ചർച്ചകളിൽ നിലപാടെടുത്താലും നൈയാമികമായും സാധുവായും ആ അഭിപ്രായങ്ങളെ തള്ളിക്കളഞ്ഞുകൊണ്ടുള്ള തീരുമാനങ്ങളെടുക്കുവാനും അവ നടപ്പിലാക്കുവാനും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററിനും മേജർ ആർച്ച് ബിഷപ്പിനും സിനഡിനും സാധിക്കും.

അറിയിപ്പിലെ രണ്ടാം നമ്പരിൽ പറഞ്ഞിരിക്കുന്ന "ഇപ്പോൾ നിലവിലുള്ള രീതി തുടരാവുന്നതാണ്" എന്ന വിശദീകരണം നൈയാമികമായി കൂടുതൽ പ്രശ്നങ്ങൾ ഉളവാക്കുന്നുണ്ട്. ഇവിടെ ഉപയോഗിച്ചിരിക്കുന്ന പദപ്രയോഗം "ഇടവക ദൈവാലയം" എന്നല്ല; പ്രത്യുത, "ദൈവാലയം" എന്ന് മാത്രമാണ്. ലത്തീൻ കാനൻ നിയമത്തിൽനിന്നും വ്യത്യസ്തമായി, പൗരസ്ത്യ കാനോന സംഹിതയിൽ ചാപ്പൽ എന്ന പദം ഉപയോഗത്തിലില്ല; പ്രത്യുത എല്ലാം ദൈവാലയങ്ങൾ മാത്രം: "പ്രതിഷ്ഠയാലോ, ആശീർവാദത്താലോ ദൈവാരാധനയ്ക്ക് മാത്രമായി സമർപ്പിക്കപ്പെട്ടിരിക്കുന്ന കെട്ടിടമാണ് ദൈവാലയം" (CCEO c. 869). അപ്പോൾ സന്യാസ ഭവനങ്ങളിലുള്ളത് ദൈവാലയങ്ങളാണെന്നത് വ്യക്തം. 2024 ജൂൺ 9-ാം തീയതിയിലെ

നിർദ്ദേശമനുസരിച്ച് സന്യാസഭവനങ്ങളിൽ സിനഡ് കുർബാന മാത്രമേ അനുവദനീയമായിരുന്നുവെങ്കിൽ, ജൂലൈ 1-ാം തീയതിയിലെ അറിയിപ്പ് പ്രകാരം സന്യാസഭവനങ്ങളിലും ഞായറാഴ്ചയും കടമുള്ള ദിവസങ്ങളിലും ഒരു സിനഡ് കുർബാന അർപ്പിച്ചു കഴിഞ്ഞാൽ മറ്റുള്ള ദിവസങ്ങളിൽ ജനാഭിമുഖം കുർബാനയർപ്പണം തുടരാമെന്നാണ്. ഡിസ്പെൻസേഷൻ വഴിയോ, പേപ്പൽ ഡെലിഗേറ്റിന്റെ വ്യക്തമായുള്ള അനുവാദം കിട്ടിയിട്ടോ അല്ല ഈ വിശദീകരണമെങ്കിൽ, ഈ വിശദീകരണം വളരെ ഗൗരവമായ നിയമപ്രശ്നങ്ങൾക്ക് കാരണമാകുമെന്നതാണ് വസ്തുത.

2024 ജൂലൈ 1-ാം തീയതിയിലെ അറിയിപ്പിന് നിദാനമായ ചർച്ചകളെക്കുറിച്ച് പ്രസ്തുത അറിയിപ്പ് മൗനം ഭജിക്കുന്നെങ്കിലും മേജർ ആർച്ച് ബിഷപ്പും കൂരിയായും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റും കൂരിയായും പെർമനെന്റ് സിനഡിന്റെ പ്രതിനിധിയും വിമത വൈദികരുടെയും അല്മായ നേതാക്കളുടെയും പ്രതിനിധികളുമടങ്ങിയ ഒരു പതിനഞ്ചംഗസമിതി നടത്തിയ സമവായ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞ കാര്യങ്ങളാണ് അറിയിപ്പിന്റെ രൂപത്തിൽ അവതരിപ്പിക്കപ്പെട്ടതെന്ന് ആ ദിവസങ്ങളിലെ നവമാധ്യമ റിപ്പോർട്ടുകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. സഭാ സ്നേഹികൾ ആ സമവായ തീരുമാനങ്ങളെ നിയമവിരുദ്ധമെന്നും അനവസരത്തിലുള്ള അനാവശ്യമായ കീഴടങ്ങലെന്നും ultra vires അഥവാ, ഇല്ലാത്ത അധികാരം പ്രയോഗിക്കലെന്നും സഭാമാതാവിനെ ഒറ്റിക്കൊടുക്കലെന്നും വിശേഷിപ്പിച്ചുകൊണ്ട് വൈകാരികമായും നിരാശയോടും കൂടി പ്രതികരിക്കുമ്പോൾ, പ്രസ്തുത അധികാരികളുടെ, അന്നത്തെ പ്രത്യേക സാഹചര്യങ്ങളെകൂടി നാം കണക്കിലെടുക്കേണ്ടതുണ്ട്. അനിവാര്യമെന്ന് തോന്നിയ ഒരു പിളർപ്പിനെ എങ്ങനെയെങ്കിലും ഒഴിവാക്കണമെന്നുള്ള തത്രപ്പാടിൽ, സഭാമാതാവിനെ വെട്ടിമുറിക്കുവാൻ വെമ്പൽ കൊണ്ടുനിന്നിരുന്ന വിമതക്കോമരങ്ങൾക്ക് മുമ്പിൽ താൽക്കാലികമായി ഒരു കീടങ്ങലായും തന്ത്രപരമായ ഒരു പിൻവാങ്ങലായും (tactical retreat) ഈ സമവായ തീരുമാനങ്ങളെ കാണുവാൻ കഴിയും. കണ്ണൂരിലെ പാർട്ടി ഗ്രാമങ്ങൾക്ക് തുല്യമായി മാറി എറണാകുളം-അങ്കമാലി അതിരൂപതയിലെ വിമത ഭൂരിപക്ഷ ഇടവകകളിൽ പലതും. അവിടെ, നിയമവാഴ്ച അസാധ്യം. കണ്ണൂരിലെ പാർട്ടി ഗ്രാമങ്ങളിലേതു പോലെ might is right എന്നോ, തങ്ങൾ ഇവിടെ തങ്ങളുടെ പാർട്ടി സ്ഥാനാർത്ഥിയെ മാത്രമേ അനുവദിക്കുകയുള്ളൂ, തങ്ങൾ ഒറ്റക്കെട്ടാണ് എന്ന് പറയുന്നതു പോലെ, എറണാകുളം-അങ്കമാലി അതിരൂപതയിലെ "ഒറ്റയ്ക്കല്ല, ഒറ്റക്കെട്ട്" മുദ്രാവാക്യവുമായി, തങ്ങളോട് ചേരാത്തവരെയെല്ലാം കായികമായി ഉന്മൂലനം ചെയ്യാൻ പോലും മടിക്കാത്ത, മുൻ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ആൻഡ്രൂസ് താഴത്തിന്റെ കാല് വെട്ടുമെന്ന് പരസ്യമായി ആക്രോശിച്ച വിമത നേതാവിനെയും സീറോ- മലബാർ സഭയുടെ മുൻ തലവനും പിതാവുമായിരുന്ന കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ തലവെട്ടി മ്യൂസിയത്തിൽ വയ്ക്കുവാൻ ആഗ്രഹം പരസ്യമായി പ്രകടിപ്പിച്ച വിമത അല്മായ നേതാവിനെയുമുൾപ്പെടെ സമവായ ചർച്ചയുടെ ഉന്നതപീഠത്തിലേക്ക് ക്ഷണിച്ചു വരുത്തിയ ഒരു സഭാ നേതൃത്വത്തിന് മറ്റെന്ത് തീരുമാനമെടുക്കുവാനാണ് സാധിക്കുക? ഇവിടെ ഓർമ്മ വരുന്നത് 1999 ഡിസംബർ 24-ാം തീയതി ഇന്ത്യൻ എയർലൈൻസിന്റെ കാഡ്മണ്ടുവിൽനിന്നും ഡൽഹിയിലേക്ക് പുറപ്പെട്ട വിമാനം ഹൈജാക്ക് ചെയ്ത താലിബാനികളും അവരുടെ ആവശ്യപ്രകാരം, വിമാനത്തിലെ ബന്ധികളെ മോചിപ്പിക്കുവാനായി, പാക്കിസ്ഥാനി ഭീകരവാദികളായ അഹമ്മദ് ഒമാർ സയീദ് ഷെയ്ക്ക്, മസൂദ് അഷർ, മുസ്താഖ് അഹമ്മദ് സർഗാർ എന്നിവരെ മോചിപ്പിച്ച ഇന്ത്യ ഗവൺമെന്റിന്റെ തീരുമാനമാണ്. ആ തീരുമാനം ധാർമ്മികമായി ശരിയായിരുന്നോ? തീർച്ചയായും അല്ല. മറ്റേത് പോംവഴിയാണുണ്ടായിരുന്നതെന്ന ചോദ്യത്തിന് 149 ബന്ദികളെ സുരക്ഷിതമായി തിരിച്ചെത്തിക്കുവാൻ മറ്റൊരു മാർഗ്ഗവുമില്ലായിരുന്നു എന്നതാണ് വസ്തുത. ഇന്ത്യൻ ഭരണകൂടം അന്ന് മറ്റൊന്നും ചെയ്യുവാൻ സാധിക്കാത്ത രീതിയിൽ ദുർബലമായിരുന്നു എന്നതാണ് വസ്തുത. എന്നാൽ 1976 ജൂലൈ മൂന്നിന് പാലസ്തീനിയൻ തീവ്രവാദികൾ തട്ടിക്കൊണ്ടുപോയി ഉഗാണ്ടയിലെ എന്റബേ വിമാനത്താവളത്തിലിറക്കിയ എയർ ഫ്രാൻസ് വിമാനത്തിലെ യാത്രക്കാരെ ഇസ്രായേൽ സൈന്യം രക്ഷിച്ചത് തീവ്രവാദികൾക്ക് കീഴടങ്ങിക്കൊണ്ടായിരുന്നില്ല എന്നതും ചരിത്രം. എന്നാൽ, 1976 ൽ ഇസ്രായേലിന് സാധിച്ചത് 2024 ൽ ഇസ്രായേലിന് സാധി



യേശു പറഞ്ഞു: മണവാളൻ കൂടെയുള്ളപ്പോൾ മണവറത്തോഴർക്ക് ഉപവസിക്കാൻ സാധിക്കുമോ? മണവാളൻ കൂടെയുള്ളിടത്തോളം കാലം അവർക്ക് ഉപവസിക്കാനാവില്ല. മർക്കോസ് 2 : 19

**എന്തുകൊണ്ടാണ് ഈശോ സ്വയം മണവാളൻ എന്ന് വിളിച്ചത്?**

**പഴയനിയമത്തിൽ ഇസ്രായേൽ ജനം സ്വയം കരുതുന്നത് തങ്ങൾ ദൈവത്തിൻറെ മണവാട്ടിയാന്നെന്നാണ് (ഹൊസിയ 2:20-25)**

**ഈ ബന്ധത്തിന് കാരണം ദൈവം ഇസ്രയേജനവുമായി ഉണ്ടാക്കിയ ഉടമ്പടിയാണ് (Covenant)**

**ഈ ഉടമ്പടിയിൽ ദൈവം ആഗ്രഹിച്ച വിശ്വസ്തത (Hesed) ഉള്ളിടത്തോളം കാലം ദൈവം ഈ ബന്ധം നിലനിർത്തുമെന്ന് അവർ വിശ്വസിച്ചിരുന്നു.**

**ദൈവവുമായുള്ള ഈ ബന്ധത്തെ ഓർമിപ്പിക്കുകയാണ് ഈശോ താൻ മണവാളനാണ് എന്ന് പറയുക വഴി**



**ഏതു ബന്ധവും നിലനിൽക്കണമെങ്കിൽ വിശ്വസ്തത കൂടിയേ തീരൂ**

ക്കുന്നില്ല എന്നതും ഹമാസ് എന്ന ഭീകര സംഘടനയ്ക്കെതിരെ ആറുമാസത്തിലധികമായ ഗാസായുദ്ധം തുടരുമ്പോഴും ഇസ്രയേലും അമേരിക്കയും ആ സംഘടനയുടെ തലവനുമായി ചർച്ച നടത്തുന്നുണ്ടെങ്കിൽ ഏത് ഭീകരനും തീവ്രവാദി നേതാവുമായുള്ള ചർച്ച നടത്തലും ന്യായീകരിക്കപ്പെടാവുന്നതാണ്. മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്ന, നല്ല മൂല്യങ്ങൾക്കായി ജീവൻവരെ ത്യജിക്കുവാൻ തയ്യാറാവുന്ന നേതാക്കളെക്കാൾ, പ്രായോഗികതയുടെ പ്രായോക്താക്കളായ, leadership is about dealership എന്ന മുദ്രാവാക്യധാരികളെ പുൽകുന്ന ഇന്നത്തെ തലമുറയിൽ പ്രഗ്മാറ്റിസം (pragmatism) അഥവാ പ്രായോഗികത സഭാനേതൃത്വവും അവസരത്തിനൊത്ത് പ്രയോഗിക്കുന്ന കാലത്തിലേക്കാണ് ഈ ചർച്ചകൾ വിരൽ ചൂണ്ടുന്നതെന്ന് തോന്നുന്നു. ഏതായാലും, ആസന്നമായിരിക്കുന്ന ഒരു പിളർപ്പ് ഒഴിവാക്കുവാനോ, മാറ്റിവയ്പ്പിക്കുവാനോ ഈ പ്രായോഗികതയ്ക്ക് കഴിഞ്ഞപ്പോൾ, സഭാനേതൃത്വത്തിന്റെ വിശ്വാസ്യതയ്ക്ക് സംഭവിച്ച കോട്ടം തീർക്കുവാൻ ഇനിയും വളരെയധികം കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. കോടതിയിൽ ഇടക്കാലവിധിക്കായി ഉപയോഗിക്കുന്ന ഒരു മാനദണ്ഡമാണ് balance of convenience എന്നത്. പക്ഷേ, അത് ഇടക്കാലവിധിക്ക് മാത്രമുള്ളതാണ്. അതുപോലെയുള്ള ഒരു ഇടക്കാല തീരുമാനം മാത്രമാണ് 2024 ജൂലൈ ഒന്നാം തീയതിയിലെ അറിയിപ്പിലുള്ളത്. അതിനാൽ, അതിനെ മനസ്സിലാക്കുവാൻ പൗരസ്ത്യ നിയമ വിജ്ഞാനീയത്തിലെ (jurisprudence) "ഒയ്ക്കൊണോമിയ" എന്ന തത്വം മനസ്സിലാക്കുന്നതാണ് ഉത്തമം. ഇക്കോണമി (economy) എന്ന് തർജ്ജമ ചെയ്യപ്പെട്ടിരിക്കുന്ന പ്രസ്തുത ഗ്രീക്ക് വാക്ക് ലത്തീൻസഭയുടെ equitas അഥവാ equity എന്ന വാക്കുമായി സാമ്യമുള്ളതാണ്. നിയമം നീതിസംരക്ഷണ ലക്ഷ്യാർത്ഥമുള്ളതാണെങ്കിൽ, നീതിയുടെ കൂടെ കരുണകൂടിച്ചേരുന്നതാണ് ഇക്വിറ്റി. ഇക്കോണമി എന്ന് പൗരസ്ത്യർ വിളിക്കുന്നതിനെ നീതിയും കരുണയും പ്രായോഗികതയും ഒന്നുചേരുന്നതെന്ന് വിശേഷിപ്പിക്കുന്നതാവും ഉചിതം.

**ഉപസംഹാരം**

എറണാകുളം-അങ്കമാലി അതിരൂപതയിലെ പിളർപ്പ് ഒഴിവാക്കുവാനും വിശ്വാസികൾക്ക് വിശുദ്ധ കുർബാനയും, കൂദാശകളും മറ്റ് ആത്മീയ സേവനങ്ങളും ലഭിക്കുന്നതില്ലാതാകുന്ന സാഹചര്യം ഒഴിവാക്കുവാനുമായി താൽക്കാലികമായി എടുത്ത ഒരു പ്രായോഗിക തീരുമാനമായിരുന്നു 2024 ജൂലൈ ഒന്നാം തീയതിയിലേത്; ആ തീരുമാനത്തിന്റെ ധാർമ്മികതയും നൈയാമികതയും വിമർശനാത്മകമായി ചർച്ച ചെയ്യുന്നതിനും വൈകാരികമായ പരസ്യപ്രസ്താവനകൾ നടത്തുന്നതിനുമുപരിയായി സഭയ്ക്കും സഭാനേതൃത്വത്തിനുംവേണ്ടി തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ട സമയമാണിപ്പോൾ. നമ്മുടെ അഭിവന്ദ്യ പിതാക്കന്മാരെ അങ്കമാലി പന്നികളെക്കാൾ മോശം എന്ന് വിശേഷിപ്പിച്ച അങ്കമാലിക്കാരൻ അഭിഭാഷകന്റെ ജല്പനങ്ങൾ അർഹമായ അവജ്ഞയോടെ നാം തള്ളിക്കളയുകയും അപലപിക്കുകയും ചെയ്യേണ്ടതാണ്. എറണാകുളം അതിരൂപതാസ്ഥാനത്ത് കട്ടിൽസമരമുറകളുൾപ്പെടെയുള്ള പ്രതിഷേധ പ്രവർത്തനങ്ങൾക്ക് വേദിയാക്കിയ വിമതവൈദികരുടെ അത്തരത്തിലുള്ള എല്ലാ പ്രവർത്തനങ്ങളെയും അപലപിക്കുന്ന തോടൊപ്പംതന്നെ വിമതവിരുദ്ധരായ അത്മായ നേതാക്കളുടെ സീറോ-മലബാർ സഭാസ്ഥാനമായ മൗണ്ടിലെ കുത്തിയിരിപ്പ് പ്രാർത്ഥനായജ്ഞവും അപലപിക്കേണ്ടത് തന്നെ. വിമതവൈദികരുടെ ബസലിക്ക പള്ളിയിലെ പ്രതിഷേധ കുർബാന പരമ്പരയും വിമതവിരുദ്ധരുടെ സീറോ-മലബാർ സഭാ കാര്യാലയത്തിലെ പ്രതിഷേധ പ്രാർത്ഥനായജ്ഞവും പ്രാർത്ഥനയുടെ ദുരുപയോഗം തന്നെ. എല്ലാ വിമതവിരുദ്ധരും സഭാനുകൂലികളാകണമെന്നില്ല താനും. സഭയെ തകർക്കുവാൻ വിമതരും വിമതവിരുദ്ധരും ഒരുപോലെ ശ്രമിച്ചാൽ പിന്നെ വിമതവിരുദ്ധരെ എങ്ങനെ സഭാസ്നേഹികളെന്ന് വിളിക്കുവാനാകും? വിഭജനത്തിന്റെ ആത്മാവിനെയല്ല ഐക്യത്തിന്റെ ആത്മാവിനെയാണ് ദൈവം നമ്മിലേക്ക് അയച്ചിരിക്കുന്നത്. യോനായെപ്പോലെ, ദൈവം ഈ ചതി എന്നോട് ചെയ്യരുതായിരുന്നു എന്ന് വിലപിക്കുവാൻ നമുക്ക് തോന്നുമ്പോൾ പോലും (യോനാ 4:1-11) പൂർവയൗസേപ്പിനെപ്പോലെ "മനാസേ" - നീ എല്ലാം മറക്കണം - എന്ന് പറയുവാൻ നാം പരിശീലിക്കേണ്ടിയിരിക്കുന്നു (ഉൽപ്പ 41:51). എന്നാൽ അതിന്റെ അർത്ഥം, മൂല്യങ്ങളിൽ വിട്ടുവീഴ്ച ചെയ്യണമെന്നല്ല. പ്രത്യുത, സഭാനേതൃത്വത്തിന്റെ തീരുമാനങ്ങളിൽ വ്യത്യസ്താഭിപ്രായമോ എതിർപ്പോ തോന്നുന്ന അവസരങ്ങളിൽ സ്വീകരിക്കേണ്ട നൈയാമിക വഴി റെമോൺസ്ട്രേഷന്റെയും ഹൈരാർക്കിക്കൽ റിക്കോഴ്സിന്റേതുമാണ് എന്നത് തന്നെ. അഥവാ, ഏതെങ്കിലും സഭാധികാരികൾ അധികാര ദുർവിനിയോഗം നടത്തിയതായോ (abuse of power), അവരുടെ ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ കുറ്റകരമായ അനാസ്ഥ വരുത്തിയതായോ (negligance of duty) തോന്നുന്ന സഭാതനയർക്ക് പ്രസ്തുത വിവരം ആ അധികാരിയെ ശിക്ഷിക്കുവാൻ അധികാരമുള്ള ഉന്നതാധികാരിയെ അറിയിക്കാവുന്നതാണ് (cf. CCEO 1464). അല്ലാതെ, വ്യക്തിപരമായ അധിക്ഷേപത്തിന്റെ തലത്തിലേക്ക് ആരാധനക്രമസംബന്ധിയായ വിഷയങ്ങളിൽ സഭാസ്നേഹികളാരും താഴുവാൻ പാടുള്ളതല്ല; വിമതരുടെ ഏറ്റവും പ്രിയപ്പെട്ട ആയുധം അതാണെങ്കിൽ പോലും.

വിമതർക്ക് കീഴടങ്ങിയതായി പ്രത്യക്ഷത്തിൽ കാണപ്പെടുന്ന ഈ സമവായംകൊണ്ട് എന്ത് നേട്ടമാണ് സീറോ-മലബാർ സഭയ്ക്കുണ്ടായതെന്ന് ചോദിക്കുന്നവർക്കുള്ള മറുപടി, തീർച്ചയായും അല്പം നന്മ ഉണ്ടായിട്ടുണ്ട് എന്നത് തന്നെയാണ്. തങ്ങളുടെ അതിരൂപതയിൽ ജനാഭിമുഖകുർബാന മാത്രമേ അനുവദിക്കുകയുള്ളൂ, സിനഡ് കുർബാന ചൊല്ലുവാൻ അനുവദിക്കുകയില്ല എന്ന നിലപാട് വിമതർ മാറ്റി എന്നതാണ് ആ നേട്ടം. തദ്വാര, സഭയുടെ നിയമാനുസൃതമുള്ള വിശുദ്ധ കുർബാനയർപ്പണം കൂടുതൽ ഇടവകകളിൽ - മനസ്സില്ലാമനസ്സോടെയും അസമയത്തുമാണെങ്കിൽപ്പോലും - നടപ്പിലായി. ഇന്ത്യയിലെ ഹിന്ദുത്വവാദികളുടെ ഫാസിസ്റ്റ് ചിന്താഗതിയുടെ പരിണിതഫലമായി ഉരുത്തിരിഞ്ഞ ഒന്നായിരുന്നു മൂരി,

കാള, പോത്ത് എന്നിവയുടെ മാംസമായ ബീഫ് നിരോധത്തിനായുള്ള മുറവിളി. തങ്ങൾക്കിഷ്ടമില്ലാത്തതൊന്നും മറ്റാരും ചെയ്യരുത്, തങ്ങൾ കഴിക്കാത്തതൊന്നും മറ്റാരും കഴിക്കരുത് എന്ന മനോഭാവം. അത് തനി ഫാസിസമാണ്. ആന്റണി കരിയിൽ പിതാവ്, തന്റെ അതിരൂപതയിൽ സിനഡ് കുർബാന നിരോധിച്ച് ഉത്തരവിറക്കുകയും അത് പിൻവലിക്കുവാൻ വത്തിക്കാൻ ആവർത്തിച്ചാവശ്യപ്പെട്ടിട്ടും അതിനദ്ദേഹം കൂട്ടാക്കാതിരിക്കുകയും ചെയ്ത കാലം മുതൽ ഇങ്ങോട്ട് എറണാകുളം വിമർതർ അതേ നിലപാടിൽ ഉറച്ചു നിൽക്കുകയായിരുന്നു. ഏതായാലും സമവായത്തിലൂടെ ആ നിബന്ധന അവർ ഉപേക്ഷിച്ചു. നല്ലതുതന്നെ. 24 വർഷത്തിൽ കൂടുതലെടുത്തു ഇത്രയും ഒരു ബോധ്യത്തിലേക്ക് വിമത നേതാക്കളെ എത്തിക്കുവാനെന്നത് അത്ര നല്ല കാര്യമല്ല എന്നുമാത്രം. ഏതായാലും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നതുപോലെ 250-ൽ പരം ഇടവകകളിൽ ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും നിയമാനുസൃതമായ രീതിയിൽ ഒരു വിശുദ്ധ കുർബാനയെങ്കിലും അർപ്പിക്കപ്പെടുന്നുണ്ടെങ്കിൽ, അത് നല്ല കാര്യം തന്നെ.

നമ്മുടെ നാട്ടിലെ രണ്ട് വലിയ തിന്മകളാണ് ചുമട്ടുതൊഴിലാളികളുടെ നോക്കുകൂലി വാങ്ങലും കൈക്കൂലി കൊടുക്കലും വാങ്ങലും. രണ്ടും നിയമവിരുദ്ധമെന്ന് കോടതികൾ ആവർത്തിച്ചു പ്രഖ്യാപിച്ചിട്ടും രണ്ടും നിർബാധം തുടരുന്നു. കാരണം, പൊതുമനസ് ഒറ്റക്കെട്ടായി പ്രസ്തുത നിയമവിരുദ്ധ നടപടികൾക്കെതിരെ ശക്തമായി ഉയർത്തെഴുന്നേറ്റിട്ടില്ല എന്നതുതന്നെ. ഇതുപോലെ തന്നെയാണ് മാലിന്യനിർമ്മാർജ്ജനത്തിന്റെ കാര്യത്തിലും നടക്കുന്നത്. തെറ്റാണെന്നറിഞ്ഞിട്ടും വീണ്ടും നാം അവ തുടരുന്നു. ഇവിടെയൊക്കെ മാറ്റം വരണമെങ്കിൽ പൊതുഅവബോധത്തിൽ മാറ്റം വരണം. സീറോ-മലബാർ സഭ ഒരു വലിയ പിളർപ്പിന്റെ വക്കിലെത്തിയിട്ടും തെറ്റ് തെറ്റാണെന്ന് പറയുവാൻ ആർജവം കാണിക്കാത്ത, സഭാമേലദ്ധ്യക്ഷസമൂഹവും, ധ്യാനപ്രസംഗകരുടെ ആത്മീയ നേതൃത്വവും, ആ മനുഷ്യൻ നീ തന്നെ എന്ന് പറഞ്ഞ നാഥാൻ പ്രവാചകന്റെ ധീരതയുള്ള പ്രവാചകദൗത്യമേറിയ സന്യാസ നേതൃത്വവും മാത്രമാണ് ഈ സഭയിലുള്ളതെങ്കിൽ, പിന്നെ ആ സഭയുടെ പിതാവും തലവനുമായ വ്യക്തിയുടെ ഒറ്റയാൾ പോരാട്ടം വിജയിക്കുക തുലോം ശ്രമകരം. എങ്കിലും, സ്ഥിരോത്സാഹത്തോടെ, മനസ്സ് മടുക്കാതെ, സീറോ-മലബാർ സഭയിലെ എല്ലാ ദൈവാലയങ്ങളിലും എല്ലാ ദിവസവും എല്ലാ സമയവും നിയമാനുസൃതമായ, തക്സയിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ കുർബാനയർപ്പിക്കുന്ന നല്ല നാളേക്കായി ആലസ്യം വിട്ടുണർന്ന് എല്ലാവരും ഒന്നിച്ച് പരിശ്രമിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ഒരു കാര്യം കൂടി സൂചിപ്പിക്കാതെ ഈ ലേഖനം അവസാനിപ്പിക്കുന്നത് അനീതിയായേക്കാം. അതായത്, എറണാകുളം-അങ്കമാലി അതിരൂപതയിലെ നിയമാനുസൃത വിശുദ്ധ കുർബാനയർപ്പണത്തി നായി ആഗ്രഹിച്ച, വാദിച്ച, സമയവും അർത്ഥവും കൈയും മെയ്യും മറന്ന് നൽകിയ, ആത്മാർത്ഥതയും ആത്മീയതയും സഭാസ്നേഹവും മാത്രം കൈമുതലായുണ്ടായിരുന്ന ഒരു ചെറിയ ഗണം അത്മായരേയും വൈദികരേയും പറ്റി ഒരു വാക്ക്. "ചെറിയ ഗണമേ, ഭയപ്പെടേണ്ട" (ലൂക്കാ 12: 32-34) എന്ന ദൈവവചനമാണെനിക്കിവിടെ ഓർമ്മ വരുന്നത്. നിങ്ങളുടെ ത്യാഗം ഒരിക്കലും നിരർത്ഥകമാവില്ല. കാശ്മീരി തീവ്രവാദികളെ ചേർത്തു നിർത്തുവാനുള്ള പരിശ്രമത്തിന്റെ പരിണിതഫലമായി 1980 മുതൽ 2020 വരെയുള്ള 40 വർഷക്കാലയളവിൽ പതിനായിരക്കണക്കിന് കാശ്മീരി പണ്ഡിറ്റുകൾ തങ്ങളുടെ നാടും വീടും ഉപേക്ഷിച്ച് പലായനം ചെയ്തിട്ടുണ്ടെന്നുള്ളത് ഒരു ചരിത്ര വസ്തുതയാണ്. ഇതുപോലെ സഭയെ സ്നേഹിച്ചു, സഭാധികാരികളെ വിശ്വസിച്ചുപോയി എന്നീ കുറ്റങ്ങൾക്ക് എറണാകുളം-അങ്കമാലി അതിരൂപതയിലെ വിശ്വസ്തരായ ചെറിയ ഗണത്തെ അവഗണിച്ച്, ഉപേക്ഷിച്ച്, ശിക്ഷിക്കുന്ന ഏതൊരു നടപടിയും ഒട്ടും ആശാസ്യമല്ല. അനുസരണത്തിന് സമ്മാനവും അനുസരണക്കേടിന് ശിക്ഷയും എന്ന മൂല്യശ്രേണിയെ കീഴ്മേൽ മറിക്കുന്ന ഏതൊരു പ്രസ്ഥാനവും ജീർണ്ണതയുടെ വക്കിലാണെന്ന് നിസ്സംശയം പറയുവാൻ സാധിക്കും. ഇത് അന്ധകാരത്തിന്റെ സമയമാണെ(cf. ലൂക്കാ 22:53)ന്ന് പറയിപ്പിക്കാതി രിക്കുവാനുള്ള ആർജ്ജവം സഭാനേതൃത്വം കൈക്കൊള്ളുന്നതോടൊപ്പം തന്നെ അന്ധകാരത്തിന്റെയും നിരാശയുടെയും കാലം അനന്തമായി നീളില്ല (cf. ഏശയ്യാ 9:1)) എന്ന പ്രത്യാശാകിരണങ്ങൾ എല്ലാവർക്കും നൽകുവാനും സഭാനേതൃത്വം നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ❍




**എന്തുകൊണ്ടാണ് ഈശോ താൻ സൗഖ്യപ്പെടുത്തിയ സമരിയാക്കാരനായ കുഷ്ഠരോഗിയെ വിജാതീയൻ എന്ന് വിളിച്ചത്?**

**ഈശോ താൻ സൗഖ്യപ്പെടുത്തിയ സമരിയാക്കാരനായ കുഷ്ഠരോഗിയെ വിജാതീയൻ (ὁ ἀλλογενής) എന്നാണ് വിളിച്ചത്**

**ജെറുസലേം ദേവാലയത്തിൽ ഈ വിജാതീയർക്കാണ് (ὁ ἀλλογενής) ഉള്ളിലേക്ക് പ്രവേശനം ഇല്ലാതിരുന്നത്.**

Josephus reports that between the Court of the Gentiles and the inner sanctuary "there was a partition made of stone all round, whose height was three cubits" (Josephus, Jewish War, 5.2 §§193)

**ദേവാലയത്തിലെ മതിൽക്കെട്ടുകൾ ഇല്ലാതാക്കിക്കൊണ്ട് പ്രവാചകന്മാർ വാഗ്ദാനം ചെയ്ത എല്ലാ മനുഷ്യർക്കുമുള്ള രക്ഷ (ഏശയ്യാ 56:1-8) ഈശോ പ്രഖ്യാപിക്കുകയായിരുന്നു**

**തമ്പുരാൻറെ മുമ്പിൽ എല്ലാ ശത്രുതയും ഇല്ലാതാക്കട്ടെ**



Dawsey, J. M., "Jesus' pilgrimage to Jerusalem", *PRS* 14 (1987) 217–232 (231).